# മന്ത്രിസഭാ തീരുമാനങ്ങൾ

## (28.10.2009)

- കെ.എം.എം.എൽ. കമ്പനിയുടെ വികസനപദ്ധതിക്ക് മുൻഗവൺമെന്റിന്റെ കാലത്ത് കരാർ നൽകുന്നതിൽ ഉണ്ടായ അഴിമതിയും ക്രമക്കേടു സംബന്ധിച്ച് വിജിലൻസ് അന്വേഷണം നടത്തുന്നതിന് തീരുമാനിച്ചു. ഈ സർക്കാർ അധികാരത്തിൽവന്ന ഉടനെ ഇക്കാര്യത്തിൽ ഒരു സി.ബി.ഐ. അന്വേഷണം നടത്തണമെന്ന് കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെട്ടതാണ്. എന്നാൽ കേന്ദ്രഗവൺമെന്റ് സംസ്ഥാന ത്തിന്റെ ഈ ആവശ്യം തള്ളിക്കളയുകയാണുണ്ടായത്. ഈ സാഹചര്യത്തിലാണ് സമയബന്ധിതമായി വിജിലൻസ് അന്വേഷണം നടത്തുന്നതിന് ക്യാബിനറ്റ് തീരുമാ നിച്ചത്.

- ലോക്സഭയിലേയും സംസ്ഥാന നിയമസഭയിലേയും പട്ടികജാതിക്കാർക്കും പട്ടിക വർഗ്ഗക്കാർക്കും ആംഗ്ലോ ഇന്ത്യൻ സമുദായക്കാർക്കുമുള്ള പ്രാതിനിധ്യം പത്തുവർഷ ത്തേക്കുകൂടി നീട്ടിക്കൊടുക്കുന്നതിനുള്ള ഭരണഘടനയുടെ 109-ാം ഭേദഗതി ബില്ലിന് സംസ്ഥാന ഗവൺമെന്റിന്റെ സാധൂകരണം നൽകുന്നതിന് തീരുമാനിച്ചു. ഇതിന് ആവശ്യമായ ഒരു പ്രമേയം അടുത്ത നിയമസഭാ സമ്മേളനത്തിൽ അവതരിപ്പിക്കും.

- പി.പി. ഗോപി ഐ.എ.എസ്. നെ സോഷ്യൽ വെൽഫെയർ ഡയറക്ടറായി നിയമി ക്കുവാൻ തീരുമാനിച്ചു.

- വി.കെ. ബാലകൃഷ്ണൻ ഐ.എ.എസ്. നെ ലാന്റ് ബോർഡ് സെക്രട്ടറിയായി നിയമി ക്കുവാൻ തീരുമാനിച്ചു.

- അമിത് മാലിക് ഐ.എ.എസ്. നെ സ്പോർട്സ് ഡയറക്ടറായി നിയമിക്കുവാൻ തീരുമാനിച്ചു.

- ഡിങ്കു ബിസ്വാൾ ഐ.എ.എസ്. നെ രാഷ്ട്രീയ മാധ്യമിക് ശിക്ഷാ അഭയാൻ ഡയറക്ട റുടെ അഡീഷണൽ ചാർജ്ജ് നൽകുവാൻ തീരുമാനിച്ചു.

✲✲✲✲✲✲